# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 1604 — 14.07.2016- ൽ മറുപടിക്ക്

## കൈത്തറി സഹകരണ സംഘങ്ങൾ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് നൂലുകൾ വിലക്കിഴിവിൽ വാങ്ങുന്നതിനും തറികൾ നവീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് നൂലുകൾ വിലക്കിഴിവിൽ വാങ്ങുന്നതിനും തറികൾ നവീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. |

**കഴിനൂൽ സബ് സിഡി**

കൈത്തറി സഹകരണ സംഘങ്ങൾക്ക് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചതും 1966-97 ൽ നിർത്തലാക്കുകയും ചെയ്ത കഴിനൂൽ സബ്സിഡി 2010-11 മുതൽ നടപ്പിലാക്കി വരുന്നു. ഇതു പ്രകാരം കഴിനൂൽ സബ്സിഡിയായി വിവിധ കൗണ്ടുകൾക്ക് 25 രൂപ മുതൽ 40 രൂപ വരെ കിലോഗ്രാമിന് നൽകി വരുന്നു. സംഘങ്ങൾക്കാവശ്യമായ കഴിനൂൽ, ചായം, രാസവസ്തുക്കൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിന് ഹാന്റക്സ്, ഹാൻവീവ്, യാൺ ബാങ്കുകൾ എന്നിവയ്ക്ക് മാർജിൻ മണി ലോണും അനുവദിച്ചു വരുന്നു. കഴിഞ്ഞ 3 വർഷത്തെ ഈ ഇനത്തിലെ ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു.

(തുക ലക്ഷം രൂപയിൽ)

| | 2013-14 | 2014-15 | 2015-16 |
|---|---|---|---|
| കഴിനൂൽ | 100.00 | 100.00 | 140.10 |
| മാർജിൻ മണി വായ്പ | 250.00 | 278.00 | 270.00 |

**തറികളുടെ നവീകരണം**

നിലവിലുള്ള തറികളുടെ ഷട്ടിൽ, റീഡ് എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് തറി ഒന്നിന് 3000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

തറികളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി നവീകരണം, പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കൽ, ആധുനികവൽക്കരണം എന്നിവയാക്കാവശ്യമായ ധനസഹായം നൽകുന്നു. കൂടാതെ പുതിയ ഡിസൈൻ നെയ്യുന്നതിനുള്ള പരിശീലനവും നൽകി വരുന്നു.

(ബി) പ്രസ്തുത സംഘങ്ങൾക്ക് ആവശ്യമായ തുക ധനകാര്യ സ്ഥാപനങ്ങൾ വഴി സബ്സിഡിയോടെ ലഭ്യമാക്കുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംഘങ്ങൾക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് ധനകാര്യസ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന വായ്പയിന്മേൽ മാർജിൻ മണി ഗ്രാന്റ് നൽകി വരുന്നു.

(സി) കൈത്തറി വ്യവസായം സമഗ്രമായി പരിഷ്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോയെന്ന് വിശദമാക്കാമോ?

(സി) കൈത്തറി വ്യവസായത്തിന്റെ സമഗ്രമായ വികസനത്തിന് താഴെ പറയുന്ന വിവിധ തലത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) മൂലധനസഹായപദ്ധതികൾ
2)പ്രോത്സാഹനത്തിനും വികസനത്തിനുമുള്ള പദ്ധതികൾ
3)ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ
4)ഉൽപാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ
5) ആസൂത്രണ ബോർഡുമായി ചേർന്ന് വിശദമായ സർവ്വേ
6) ദേശീയ കൈത്തറി വികസന പദ്ധതി.

**സെക്ഷൻ ഓഫീസർ**